# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3528 20.06.2019 ലെ മറുപടിയ്ക്ക്

**വിമാനടിക്കറ്റിൽ വന്ന വൻ വർദ്ധനവ്**

**ചോദ്യം**

ശ്രീ.എ.പി.അനിൽ കുമാർ

(എ) സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാനടിക്കറ്റിൽ റംസാന് ശേഷം വൻ വർദ്ധനവ് ഏർപ്പെടുത്തിയത് പ്രവാസികളായ മലയാളികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും ഒരേ നിരക്കിൽ സർവ്വീസ് നടത്തുവാൻ എയർ ഇന്ത്യ തീരുമാനിച്ചുവെങ്കിലും പല നിരക്കാണ് ഇപ്പോഴും ഈടാക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ?

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ), (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ് നിയന്ത്രിക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ 27.06.2018-ൽ കേന്ദ്ര ഏവിയേഷൻ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 5% ആയി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാ ക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയിൽനിന്നും വിദേശത്തേക്കും തിരിച്ചും ഒമാൻ എയർലൈൻസിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡ് ഉള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ) ടിക്കറ്റ് നിരക്കിൽ 7% ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ എന്ന പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. മറ്റ് വിമാനക്കമ്പനികളുമായും ഇത്തരത്തിൽ യാത്രാനിരക്ക് ഇളവ് അനുവദിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ